**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5456** **03-11-2021 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിലെ കോച്ചിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പി.എസ്.സി./യു.പി.എസ്.സി. പരീക്ഷകളുടെ കോച്ചിംഗ് നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി./ യു.പി.എസ്.സി., റെയിൽവേ, ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനായുള്ള പരീക്ഷാ പരിശീലനവും ആയതിനുപുറമെ ആലുവ പരിശീലന കേന്ദ്രത്തിന് കീഴിൽ സേനകളിൽ ചേരുന്നതിനുള്ള ഫിസിക്കൽ ട്രെയിനിംഗും നൽകി വരുന്നുണ്ട്. അത്തരത്തിൽ സംസ്ഥാനത്താകെ 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രവും 32 ന്യൂനപക്ഷയുവജന പരിശീലന ഉപകേന്ദ്രവും പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഇവിടെ പരിശീലനം നേടിയ എത്ര വിദ്യാർത്ഥികൾ സിവിൽ സർവ്വീസ്/കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷകളിൽ ഇതേവരെ വിജയികളായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ ആരും തന്നെയില്ല. |
| (സി) | ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ സബ്സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ മതിയായ ഭൗതിക സാഹചര്യങ്ങൾ ഉള്ള ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടവർ നടത്തുന്ന വിവിധ സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആയതിന്റെ ആവശ്യകത വിലയിരുത്തിയാണ് പരിശീലന ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നത്. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ